**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3617 15.05.2017 -ൽ മറുപടിക്ക്**

**നേമം നിയോജക മണ്ഡലത്തിലെ കല്ലടിമുഖം പാലം നിർമ്മാണം**

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | ഉത്തരം<br>ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| (എ) നേമം നിയോജക മണ്ഡലത്തിലെ കാലടി വാർഡിനെയും ആറ്റുകാൽ വാർഡിനെയും ബന്ധിപ്പിക്കുന്ന കല്ലടിമുഖം പാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചി ട്ടുള്ളത്; | (എ) കല്ലടിമുഖം പാലം നിർമ്മാണത്തിനു വേണ്ടി 14.07.2009 ലെ സ.ഉ (സാധാ) നം.1044/2009/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി സ്ഥലവില എസ്.എൽ.ഇ.സി അംഗീകരിച്ചു കൊണ്ട് 18.06.2015 ലെ സ.ഉ (സാധാ) നം. 3121/15/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. അതിനെ തുടർന്ന് പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ; | (ബി) കല്ലടിമുഖം പാലത്തിന്റ രൂപരേഖ പുതുക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ പുതുക്കിയ രൂപരേഖ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ നിരക്ക് പ്രകാരമുള്ള പ്രസ്തുത പ്രവൃത്തിയുടേയും അതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനും വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ പ്രസ്തുത പ്രവൃത്തിയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി പുതിയ റിക്വിസിഷൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) കല്ലടിമുഖം പാലം നിർമ്മിക്കുന്നതിന് ബജറ്റിൽ എത്ര തുകയാണ് വകയിരു ത്തിയിട്ടുള്ളത് ; | (സി) കല്ലടിമുഖം പാലം നിർമ്മാണത്തിനു വേണ്ടി 1,88,000/-രൂപയാണ് 2017-18 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. |
| (ഡി) ഇതിനായി അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) 25 ഭൂവുടമകളിൽ നിന്നായി 6.91 ആർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ജില്ലാകളക്ടർ ഡി.എൽ.പി.സി മീറ്റിംഗിൽ ഭൂവുടമകളുമായി കൂടിയാലോചിച്ച് സ്ഥലത്തിന്റെ വില നിശ്ചയിക്കുകയും ആയത് 28.05.2015 ലെ എസ്.എൽ.ഇ.സി അംഗീകരിക്കുകയും ഇത് സംബന്ധിച്ച് 18.06.2015 ന് സർക്കാർ ഉത്തരവ് പുറപ്പെടുവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ**